സെക്രട്ടറി
ഫോൺ നം 9496047227
ഇ മെയിൽ ഐഡി-ddpvadakarappathipkd@gmail.comഫോൺ-04923235222

വടകരപ്പതി ഗ്രാമപഞ്ചായത്ത് ഓഫീസ്
നല്ലൂർ, കോഴിപ്പാറ, പിൻ -678557

Sc2-553 /2025

തിയ്യതി -24.06.2025

സ്വീകർത്താവ്
ജില്ലാ ഓഫീസർ
ഭൂജല വകുപ്പ്
പാലക്കാട്-678014

സർ,

വിഷയം - വടകരപ്പതി ഗ്രാമപഞ്ചായത്ത് - പുതിയതായി നിർമ്മിക്കുന്നഅറവുശാലയുടെ കുഴൽ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് കരുതലും കൈത്താങ്ങുംവഴി ലഭിച്ചഅപേക്ഷ സംബന്ധിച്ച്

സൂചന - 1. ഈ ഓഫീസിൽ നിന്നും നൽകിയ 03.05.2023 ലെ കെട്ടിടം/ കുഴൽ കിണർ നിർമ്മാണത്തിനുള്ള അനുമതി.
2. 22.08.2024 ൽ ഈ ഓഫീസിൽ നിന്നും കുഴല് കിണര് നിർമ്മിക്കുന്നതിനുള്ള അനുമതി റദ്ദാക്കിയത് അറിയിച്ച് നൽകിയ കത്ത്.
3. കരുതലും കൈത്താങ്ങും അദാലത്തില് ശ്രീ. അലി വാരിക്കുന്നത്എന്നവര് നൽകിയ 13.12.2024 ലെ അപേക്ഷ.
4. അങ്ങയുടെ ഓഫീസിലെ 19.12.2024 തിയതിയിൽ ശ്രീ. അലി വാരിക്കുന്നത്, മീറ്റിൻ ഫാംസ് ആൻറ് ഫുഡ്സ് എന്നവർക്ക് നല്ലിയG.W.P.K/2701/2024 നമ്പര് കത്ത്
5. പാലക്കാട് തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിൻറ് ഡയറക്ടർ ഓഫീസിൽ നിന്നുള്ള 23.06.2025 ലെ ഇ-മെയിൽ സന്ദേശം.

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തില് മീറ്റിന് ഫാംസ് ആൻറ് ഫുഡ്സ് LLPഎന്ന അറവുശാലയുംഒരു കുഴൽ കിണറുംനിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ശ്രീ. അലി വാരിക്കുന്നത്ത് എന്നവർ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ഭൂജല വകുപ്പില് നിന്നുള്ള അനുമതി ലഭിക്കാത്തതിനാൽ കുഴല് കിണര് നിർമ്മിക്കുന്നതിനുള്ള അനുമതി റദ്ദ് ചെയ്ത് ടി വിവരം സൂചന (2) പ്രകാരം അപേക്ഷകനെ അറിയിച്ചിരുന്നു. ടി വിഷയത്തിൽ ടിയാന് സൂചന (3) പ്രകാരം പ്രകാരം കരുതലും കൈത്താങ്ങും അദാലത്തില് അപേക്ഷ നൽകിയിരുന്നു. ടി പരാതിയില് സൂചന (4) പ്രകാരം താങ്കളുടെ ഓഫീസിൽ നിന്നും കത്ത് നൽകിയിട്ടുള്ളതായി കാണുന്നു. സൂചന(5) പ്രകാരം ഈ ഓഫീസിൽ നിന്നും ജോയിൻറ് ഡയറക്ടർ ഓഫീസിലേക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതിനാല് ടിയാൻറെ അപേക്ഷയിൻമേല് താങ്കളുടെ ഓഫീസില് നിന്നും സ്വീകരിച്ചിട്ടുള്ള അന്തിമ നടപടി അറിയിക്കണമെന്ന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ

ഉള്ളടക്കം-
സൂചന ~~(2)~~, (4)

Vadakarapathy Grama Panchayat, Kozhipara P.O., Nallur, Pin-678 557

സെക്രട്ടറി
വടകരപ്പതി ഗ്രാമ പഞ്ചായത്ത്
കോഴിപ്പാറ P.O.-678 557

ഭരണ ഭാഷ - മാതൃഭാഷ

നമ്പർ ജി. ഡബ്ള്യൂ. പി. കെ/2701/2024

ജില്ലാ ഓഫീസ്
ഭൂജല വകുപ്പ്,
പാലക്കാട്-678014
ഫോൺ 0491-2528471
E mail: gwdpkd@gmail.com
തിയ്യതി 19.12.2024

പ്രേഷകൻ

ജില്ലാ ഓഫീസർ

ഗ്രാഹകൻ

ശ്രീ. അലി വാരിക്കുന്നത്ത്,
ഡെസിഗ്നേഡ് പാർട്ണർ & മനേജിംഗ് ഡയറക്ടർ,
മിറ്റിൻ ഫാംസ് ആൻഡ് ഫുഡ്സ് എൽഎൽപി
പഞ്ചമി കോപ്ലക്സ്, പെരുമ്പിലാവ്,
കരിക്കാട് പി.ഓ, തൃശ്ശൂർ - 680519.

സർ,

വിഷയം: പാലക്കാട് ജില്ലയിലെ വടകരപ്പതി ഗ്രാമപഞ്ചായത്തിൽ പുതിയതായി നിർമ്മിക്കുന്ന അറവുശാലയുടെ കുഴൽ കിണർ നിർമ്മാണവുമായി ബന്ധപ്പെട്ട് കരുതലും കൈത്താങ്ങും വഴി ഭൂജല വകുപ്പിൽ ലഭിച്ച അപേക്ഷ - സംബന്ധിച്ച്.

സൂചന : (1) കരുതലും കൈത്താങ്ങും ഡോക്കറ്റ് നമ്പർ PK/0206/S/92369 ശ്രീ. അലി വാരിക്കുന്നത്ത്, മിറ്റിൻ ഫാംസ് ആൻഡ് ഫുഡ്സ് എൽഎൽപി വടകരപ്പതിക്കായി കുഴൽ കിണർ നിർമ്മിച്ച് ഉപയോഗിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായുള്ള 13.12.2024 തീയതിയിലെ അപേക്ഷ.
(2) സംസ്ഥാന ഭൂജല അതോറിറ്റിയുടെ 15.04.2018 മുതൽ പ്രാബല്യത്തിലുള്ള മാർഗ്ഗ നിർദ്ദേശം.
(3) ഭൂജല വകുപ്പ് ഡയറക്ടറുടെ 09.06.2020 ലെ T(4)/2555/2017/DGW നമ്പർ കത്ത്.
(4) കേരള സർക്കാർ ജലവിഭവ (ഭൂജല) വകുപ്പ് സ.ഉ.(അച്ചടി) നം.7/2022/ജവിവ തീയതി 18.02.2022 ലെ ഗസറ്റ് വിജ്ഞാപനം.

മേൽ സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരമുള്ള താങ്കളുടെ കരുതലും കൈത്താങ്ങും വഴിയുള്ള അപേക്ഷ ലഭിച്ചു. സൂചന (2), (3) പ്രകാരവും കേരള സർക്കാർ ജലവിഭവ (ഭൂജല) വകുപ്പ് 2002 ലെ കേരള ഭൂജലം (നിയന്ത്രണവും, ക്രമീകരണവും) ആക്ടിലെ (2002 ലെ 19) 6-ാം വകുപ്പ് (1) ഉപ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് സംസ്ഥാന ഭൂജല അതോറിറ്റിയുടെ ശിപാർശ അനുസരിച്ച് സൂചന

(4) പ്രകാരം പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളെ വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ട്.

താങ്കളുടെ, മീറ്റിൻ ഫാമ്സ് & ഫുഡ്സ് എൽഎൽപി എന്ന സ്ഥാപനം ചിറ്റൂർ ബ്ലോക്കിലെ വകരപ്പതി ഗ്രാമ പഞ്ചായത്തിലാണ് തുടങ്ങുവാൻ ഉദ്ദേശിക്കുന്നത് എന്ന് മനസ്സിലാക്കുന്നു. വ്യാവസായിക ആവശ്യത്തിന് ജലം ഉപയോഗിക്കുന്നതിനാണ് താങ്കൾ കുഴൽ കിണർ നിർമ്മാണത്തിനുള്ള അനുമതി ആവശ്യപ്പെട്ടിരിക്കുന്നത്.

വടകരപ്പതി പഞ്ചായത്ത് വിജ്ഞാപനം ചെയ്യപ്പെട്ട ചിറ്റൂർ ബ്ലോക്കിലാണ് സ്ഥിതി ചെയ്യുന്നത്. പ്രസ്തുത സ്ഥലത്ത് കുടിവെള്ള / ഗാർഹിക / കാർഷിക ആവശ്യങ്ങൾക്ക് മാത്രമാണ് കുഴൽ കിണർ നിർമ്മാണത്തിന് NOC / പെർമിറ്റ് നൽകുന്നതിന് ഭൂജല വകുപ്പ് ജില്ലാ ഓഫീസർക്ക് അനുവാദമുള്ളു. മറ്റ് ആവശ്യങ്ങൾക്ക് അപേക്ഷ പരിഗണിക്കേണ്ടതുണ്ടെങ്കിൽ ആയത് ജില്ലാ തല ഇവാല്യുവേഷൻ കമ്മിറ്റിയുടെ (DLEC) ശിപാർശയോടെ മാത്രമേ ആകാവു എന്ന് ഭൂജല അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശത്തിൽ നിഷകർഷിക്കുന്നു. ആയതിനാൽ താങ്കളുടെ അപേക്ഷ ജില്ലാ കലക്ടർ ചെയർമാനായ ജില്ലാ തല ഇവാല്യുവേഷൻ കമ്മിറ്റിയുടെ (DLEC) അടുത്ത മീറ്റിംഗിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ് എന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ജില്ലാ ഓഫീസർ

ജില്ലാ ഓഫീസർ
ഭൂജല വകുപ്പ്
എ - 18, ടി.ബി. കോംപ്ലക്സ്
പാലക്കാട് - 678 014